**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366** **19-03-2025 - ൽ മറുപടിയ്ക്ക്**

**വിവിധ തൊഴിൽ മേഖലകളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. പി.പി. സുമോദ്,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യാ പ്രവണതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം Mental Health of Youth at Work എന്ന പേരിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങൾക്കിടയിലാണ് സർവ്വേ നടത്തിയത്. |
| (ബി) | പ്രസ്തുത സർവേ ഏതെല്ലാം മേഖലകളിൽ ജോലി ചെയ്യുന്നവർക്കിടയിലാണ് നടത്തിയതെന്ന് അറിയിക്കുമോ; | (ബി) | തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം Mental Health of Youth at Work എന്ന പേരിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങൾക്കിടയിലാണ് സർവ്വേ നടത്തിയത്. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ ഐ.ടി. മേഖലയിലും മാധ്യമരംഗത്തും തൊഴിൽ ചെയ്യുന്ന യുവജനങ്ങൾക്കിടയിലാണ് തൊഴിൽ സമ്മർദ്ദം കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതും യുവജനങ്ങൾക്ക് പിന്തുണ നൽകുന്നതുമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ? | (ഡി) | യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം നടത്തുകയും Mental Health of Youth at Work എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ ബാങ്കിംഗ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ |

തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവ്വേ നടത്തിയത്. സാമ്പത്തിക അരക്ഷിതാവസ്ഥയും 'വർക്ക് ലൈഫ് ബാലൻസ്' സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് മാനസിക സമ്മർദ്ദത്തിനുള്ള പ്രധാന കാരണമായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ജോലിയുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങളിൽ, ജോലിയുടെ സ്വഭാവം (ജോലിയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങളും വിഭവങ്ങളും, സമയ സമ്മർദ്ദം, സമയപരിധികൾ, തൊഴിൽ അന്തരീക്ഷം, ഷെഡ്യൂൾ എന്നിവ) തൊഴിലാളികളിൽ തൊഴിൽ സമ്മർദ്ദത്തിന് ഏറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുന്നതായി കണ്ടെത്തി.

പഠനത്തിലെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി,മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്ന, ജീവനക്കാർക്ക് കൂടുതൽ പിന്തുണ നൽകുന്നതും ഉൾക്കൊള്ളൽശേഷി ഉള്ളതുമായ ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്.

•തൊഴിൽ സ്ഥാപനങ്ങളിൽ 'Recreational Corners' സ്ഥാപിക്കുക. ഇത് ജോലി സമ്മർദ്ദം ലഘൂകരിക്കാനും തിരക്കേറിയ ജോലി ഷെഡ്യൂളിൽ നിന്ന് ആശ്വാസം കണ്ടെത്താനും സഹായിക്കും.

•തൊഴിലിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ 'Stress Audit' നടത്തുക. ജീവനക്കാരുടെ സമ്മർദ്ദ നിലയും മൊത്തത്തിലുള്ള മാനസികാരോഗ്യ സ്ഥിതിയും നിരീക്ഷിക്കാൻ സഹായിക്കും.

•വർക്ക് ലൈഫ് ബാലൻസ് പോളിസികൾ' തൊഴിലിടങ്ങളിൽ നടപ്പിലാക്കുക.

•Stress Management' സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കി ജീവിതത്തിലെ വ്യക്തിപരവും തൊഴിൽപരവുമായ വെല്ലുവിളികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വരുംതലമുറയെ പ്രാപ്തരാക്കുക.

ആഴ്ചയിൽ ഒരു മണിക്കൂർ എങ്കിലും 'Wellness Hour' തൊഴിലാളികൾക്കായി മാനസികാരോഗ്യം സംബന്ധിയായ ആശങ്കകളും മറ്റ് അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാനും പങ്കുവെക്കാനും ഇതിലൂടെ സാധിക്കുന്നു.

•സമ്മർദ്ദം കുറയ്ക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന സാമ്പത്തിക അച്ചടക്കത്തെ സംബന്ധിയായ (ബജറ്റിംഗ്,

സമ്പാദ്യം, കടം കൈകാര്യം ചെയ്യൽ, നിക്ഷേപം) ശിൽപശാലകൾ സ്ഥാപനങ്ങൾ തൊഴിലാളികൾക്കായി ആസൂത്രണം ചെയ്ത നടപ്പിലാക്കുക.

•തൊഴിൽ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ മാനസികാരോഗ്യ വിദഗ്ധരെ, ഓർഗനൈസേഷൻ സൈക്കോളജിസ്റ്റിനെ നിയമിക്കുക.

*ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ ഭാഗമായി മാനസിക ആരോഗ്യ ഇൻഷ്വറൻസും നിയമം മൂലം ഉൾക്കൊള്ളിക്കേണ്ടതാണ്.

ജീവനക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം  പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന ഫിറ്റ്നസ് സൗകര്യങ്ങൾ, മൈൻഡ്ഫുൾനെസ് പ്രോഗ്രാമുകൾ, സമ്മർദ്ദം കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്ന വർക്ക്ഷോപ്പുകൾ തുടങ്ങിയ സംരംഭങ്ങൾ നടപ്പിലാക്കാൻ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുന്നതാണ്.

യൂത്ത് എമ്പവർമെന്റ്, 'മെന്റൽ റെസീലിയൻസ്, ഹാപ്പിനസ്സ്: ചലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്' എന്ന വിഷയത്തിൽ യുവജന കമ്മീഷൻ അക്കാദമികമായ സാധ്യതക്ക് പുറത്ത് യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ആ ചർച്ചകളുടെയും സംവാദങ്ങളുടെയും തുടർച്ച എന്ന നിലയിലും വിപുലീകരണം എന്ന നിലയിലുമാണ് 2025 മാർച്ച് 3, 4 തീയതിൽ 'Modern World of Work and Youth Mental Health' എന്ന വിഷയത്തിൽ കഴക്കൂട്ടം ടെക്നോപാർക്കിൽ വെച്ച് യുവജന കമ്മീഷൻ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചത്. ദേശീയ സെമിനാറി നോടൊപ്പം മുഴുവൻ ജില്ലകളിലും സർവകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും മാനസികാരോഗ്യത്തിന്  മുൻഗണന നൽകുന്നതിനും ആത്മഹത്യ പ്രതിരോധത്തിനായി സെമിനാറുകളും സംഘടിപ്പിക്കുന്നു.

യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ

| | | | |
|---|---|---|---|
| | | | അദാലത്തുകൾ, ആരോഗ്യക്യാമ്പുകൾ എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. യുവജനങ്ങൾക്ക് സൗജന്യ നിയമസഹായത്തിനായി 18001235310 എന്ന ടോൾഫ്രീ നമ്പരും യുവജന കമ്മീഷൻ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ